പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1203 **15-10-2026-ൽ മറുപടിയ്ക്ക്**

പൊതുവിദ്യാഭ്യാസ രംഗം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ മാനുഷിക മൂല്യങ്ങളോടെ പുതുതലമുറയെ വാർത്തെടുക്കുന്നതിനും എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

മറുപടി: കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ കൂടുതൽ ആധുനികവും ഗുണമേന്മയുള്ളതും കൂട്ടി കേന്ദ്രീകൃതവും മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതവുമാക്കാൻ പാഠ്യപദ്ധതിയിലും അധ്യാപനരീതിയിലും മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ ചിന്തയിലും പെരുമാറ്റത്തിലും സാമൂഹിക ഉത്തരവാദിത്വത്തിലും മാറ്റം സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസ സംസ്കാരം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും:

1. കുട്ടികളുടെ ശാസ്ത്രീയബോധം, വിമർശനാത്മക ചിന്ത, ഡിജിറ്റൽ സാക്ഷരത, തൊഴിൽ നൈപുണികൾ എന്നിവ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ

2. ജനാധിപത്യബോധം, ഭരണഘടനാ മൂല്യങ്ങൾ, പ്രകൃതിസ്നേഹം, സഹജീവിസ്നേഹം, കരുണ, സഹാനുഭൂതി, സമത്വബോധം എന്നിവ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

3. സത്യസന്ധത, സഹകരണം, പൗരബോധം, സാമൂഹിക പ്രതിബദ്ധത തുടങ്ങിയ ഉത്തരവാദിത്വമുള്ള തലമുറ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

4. പൂർണ്ണമായും ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം

5. പ്രകൃതിസൗഹൃദ വിദ്യാലയം

6. തൊഴിൽ നൈപുണിയും സംരംഭകത്വവും

7. കായിക മനോഭാവവും ലിംഗസമത്വവും

8. അക്കാദമിക ഗുണമേന്മയും പഠനനിലവാരവും ഉയർത്തുന്ന പ്രവർത്തനങ്ങൾ

9. കുട്ടികളുടെ പുരോഗതിക്ക് പുതിയ വിലയിരുത്തൽ രീതി.

സംസ്ഥാന പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാർഥികളുടെ അറിവും കഴിവും വികസിപ്പിക്കുന്നതിനും

അവരിൽ മാനുഷികമൂല്യങ്ങൾ, സാമൂഹിക പ്രതിബദ്ധത, ജനാധിപത്യബോധം, ശാസ്ത്രീയ മനോഭാവം, സഹിഷ്ണുത, പരിസ്ഥിതിബോധം എന്നിവ വളർത്തുന്നതിനും പൊതു വിദ്യാഭ്യാസവകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1) പാഠ്യപദ്ധതി പരിഷ്കരണം : കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 ന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളും വിദ്യാർഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പാഠ്യപദ്ധതിയും പരിഷ്കരിച്ചുവരുന്നു. അറിവ് നേടുന്നതിനോടൊപ്പം വിമർശനാത്മകചിന്ത, സർഗാത്മകത, പ്രശ്നപരിഹാരശേഷി, ജീവിതനൈപുണികൾ എന്നിവ വളർത്തുന്നതിന് പ്രാധാന്യം നൽകുന്നു.

2) മൂല്യാധിഷ്ഠിത വിദ്യാഭ്യാസം : സ്നേഹം, കാരുണ്യം, സഹജീവിസ്നേഹം, സഹിഷ്ണുത, സമത്വബോധം, മതനിരപേക്ഷത, ലിംഗനീതി, മനുഷ്യാവകാശബോധം, ഭരണഘടനാ മൂല്യങ്ങളോടുള്ള ആദരവ് തുടങ്ങിയവ വളർത്തുന്നതിന് പഠനാനുഭവങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നു.

3) ഡിജിറ്റൽ വിദ്യാഭ്യാസവും സാങ്കേതികവിദ്യയും : ഡിജിറ്റൽ പഠനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുകയും ചെയ്യുന്നു. ഡിജിറ്റൽ സാക്ഷരത, സാങ്കേതികവിദ്യയുടെ ഉത്തരവാദിത്വത്തോടെയുള്ള ഉപയോഗബോധം വളർത്തുന്നു.

4) ശാസ്ത്രീയ മനോഭാവവും നവീന സാങ്കേതികവിദ്യയുടെ പരിചയവും : ശാസ്ത്രപഠനം, പരീക്ഷണങ്ങൾ, പ്രോജക്ടുകൾ, ശാസ്ത്രപ്രവർത്തനങ്ങൾ, റോബോട്ടിക്സ് തുടങ്ങിയവയിലൂടെ അന്വേഷണത്വര, യുക്തിചിന്ത, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നു.

5) സമത്വവും ഉൾച്ചേർക്കലും : ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും തുല്യ വിദ്യാഭ്യാസ അവസരം ഉറപ്പുവരുത്തുന്നു.

6) വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും സുരക്ഷയും : വിദ്യാർഥികളുടെ മാനസികാരോഗ്യം, വൈകാരികവികാസം, ആത്മവിശ്വാസം, പരസ്പര ബഹുമാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

7) ജനാധിപത്യബോധവും സാമൂഹിക പ്രതിബദ്ധതയും : വിദ്യാലയങ്ങളിലെ വിവിധ കൂട്ടായ പ്രവർത്തനങ്ങൾ, ക്ലബ്ബുകൾ, സാമൂഹ്യസേവന പ്രവർത്തനങ്ങൾ, സഹപാഠ്യപ്രവർത്തനങ്ങൾ എന്നിവയിലൂടെ കൂട്ടായ്മ, ഉത്തരവാദിത്വബോധം, നേതൃത്വശേഷി, പരസ്പര സഹകരണം, ജനാധിപത്യപരമായ സമീപനം എന്നിവ വികസിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു.

8) പരിസ്ഥിതിസംരക്ഷണവും സുസ്ഥിരവികസനവും : അനുഭവം ലഭിക്കുന്നതിനും പ്രകൃതിസംരക്ഷണം, ജൈവവൈവിധ്യം, ജലസംരക്ഷണം, മാലിന്യസംസ്കരണം, ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർഥികൾക്ക് പ്രായോഗിക ഉത്തരവാദിത്വബോധം വളർത്തുന്നതിനും ഊന്നൽ നൽകുന്നു.

9) അധ്യാപക ശാക്തീകരണവും പഠനരീതികളുടെ നവീകരണവും : അധ്യാപകർക്കുള്ള പരിശീലനം, അധ്യാപകസാമഗ്രികളുടെ വികസനം, പ്രവർത്തനാധിഷ്ഠിത പഠനം, ശിശുകേന്ദ്രീകൃത അധ്യാപനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10) സമഗ്രമായ വ്യക്തിത്വ വികസനം : കലാകായിക പ്രവർത്തനങ്ങൾ, വായന, സാഹിത്യപ്രവർത്തനങ്ങൾ, തൊഴിൽപരിചയം, ജീവിത നൈപുണി വികസനം എന്നിവയിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും സാമൂഹികവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

(ബി) ഒരു വ്യക്തി കുഞ്ഞായിരിക്കുമ്പോൾ മുതൽ വാർദ്ധക്യം വരെയുള്ള ജീവിത ഘട്ടങ്ങളിൽ വ്യക്തി നേരിടേണ്ടി വരുന്ന വെല്ലുവിളികൾ, പ്രശ്നങ്ങൾ, സഹജീവി സ്നേഹം വളർത്തൽ എന്നിവയെ അടിസ്ഥാനമാക്കി പ്രാഥമികതലം മുതൽ ലൈഫ് സയൻസ് എന്ന പേരിൽ ഒരു പാഠ്യപദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മറുപടി: നിലവിലെ പാഠ്യപദ്ധതിയിൽ ജീവിതനൈപുണികൾ, ആരോഗ്യബോധം, മാനുഷികമൂല്യങ്ങൾ, സാമൂഹിക പ്രതിബദ്ധത എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ പ്രാഥമിക തലം മുതൽ 'ലൈഫ് സയൻസ്' എന്ന പേരിൽ പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ